# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : 2989. 21..6..2013-ൽ മറുപടിക്ക്

## മിൽക്ക്ഷെഡ് വികസന പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.കെ. ബഷീർ: | | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ലക്ഷ്യമിടുന്ന മിൽക്ക്ഷെഡ് പദ്ധതി യുടെ വിശദാംശം ലഭ്യമാക്കുമോ;<br><br>(ബി)പ്രസ്തുത പദ്ധതി പ്രകാരം ക്ഷീരകർഷ കർക്ക് എന്തെല്ലാം ആനുകൂല്യങ്ങ ളാണ് ലഭിക്കുന്നത്; വ്യക്തമാക്കുമോ? | (എ)<br>&<br>(ബി) | പാലുല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് ക്ഷീര-വികസന വകുപ്പ് നടപ്പാക്കുന്ന പ്രധാന പദ്ധതിയാണ് മിൽക്ക്ഷെഡ് വികസന പദ്ധതി. കുറഞ്ഞുകൊണ്ടിരിക്കുന്ന കാലി സമ്പത്ത് ഒരളവുവരെ പിടിച്ചു നിർത്താൻ സംസ്ഥാനത്തിന് പുറത്തു നിന്നും ഉത്പാദന ശേഷിയുള്ള കറവപ്പശുക്കളെ വാങ്ങുന്നതിനും, കിടാരികളെ വളർത്തി ഉല്പാദന ക്ഷമതയുള്ള പശുക്കളാക്കുന്നതിനും, നിലവിലുള്ള ക്ഷീരകർഷകർക്ക് ഫാമിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് സഹായിക്കുകയും ചെയ്യാനാണ് ടി പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. പ്രസ്തുത പദ്ധതി പ്രകാരം രണ്ട്/അഞ്ച്/പത്ത്/ ഇരുപത് കിടാരികൾ ഉൾപ്പെടുന്ന കിടാരി യൂണിറ്റുകൾ തുടങ്ങുന്നതിനും കർഷകർക്ക് സബ്സിഡി അനുവദിക്കുന്നു. ഇതുകൂടാതെ നിലവിലുള്ള ക്ഷീരകർഷകർക്ക് അവരുടെ ഡയറിഫാം നവീകരിക്കുന്നതിന് ആവശ്യാധിഷ്ഠിത ധനസഹായം അനുവദിക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്. കാലിത്തൊഴുത്ത് നിർമ്മാണത്തിനും കറവ യന്ത്രം വാങ്ങുന്നതിനും ധനസഹായം ഈ പദ്ധതി വഴി കർഷകർക്ക് ലഭ്യമാക്കുന്നു. |

സെക്ഷൻ ഓഫീസർ.